**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6461** **10-11-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതി ദുരന്തത്തിന് ശേഷമുള്ള പുനരധിവാസവും പുന:നിർമ്മാണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ കാലയളവിലുണ്ടായ പ്രകൃതി ദുരന്തങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായ പ്രധാന ദുരന്തം 2021 ഒക്ടോബറിലെ ഉരുൾപൊട്ടലുകളും അതിതീവ്രമഴയും ആണ്. മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും മണ്ണിടിച്ചിലിലും 61 പേരുടെ (ഒക്ടോബർ 12 മുതൽ ഒക്ടോബർ 29 വരെ) ജീവൻ നഷ്ടപ്പെടുകയുണ്ടായി. കൂടാതെ 376 വീടുകൾ പൂർണ്ണമായി നശിക്കുകയും 2146 വീടുകൾ ഭാഗികമായി നശിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖല ഉൾപ്പെടെ മറ്റു മേഖലകളിലുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരശേഖരണം നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽ എത്ര പേരുടെ ജീവൻ നഷ്ടമായെന്നും എത്ര പേർക്ക് വീട് നഷ്ടപ്പെട്ടുവെന്നും എത്ര തുകയുടെ കാർഷിക വിളനാശമാണ് സംഭവിച്ചതെന്നും വിശദമാക്കുമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായ പ്രധാന ദുരന്തം 2021 ഒക്ടോബറിലെ ഉരുൾപൊട്ടലുകളും അതിതീവ്രമഴയും ആണ്. മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും മണ്ണിടിച്ചിലിലും 61 പേരുടെ (ഒക്ടോബർ 12 മുതൽ ഒക്ടോബർ 29 വരെ) ജീവൻ നഷ്ടപ്പെടുകയുണ്ടായി. കൂടാതെ 376 വീടുകൾ പൂർണ്ണമായി നശിക്കുകയും 2146 വീടുകൾ ഭാഗികമായി നശിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖല ഉൾപ്പെടെ മറ്റു മേഖലകളിലുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരശേഖരണം നടന്നു വരികയാണ്. |
| (സി) | ഇവരുടെ പുനരധിവാസത്തിനും പുന:നിർമ്മാണത്തിനുമായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (സി) | ഒക്ടോബർ മാസത്തിലുണ്ടായ കാലവർഷക്കെടുതിയിലും, ഉരുൾപൊട്ടലിലും മരണപ്പെട്ടവരുടെ അവകാശികൾക്കും, വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ടവർക്കും, വീടിന് നാശനഷ്ടം ഉണ്ടായവർക്കും ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം 29.10.2021 തിയതിയിലെ സ.ഉ(കൈ)നം.5/2021/ഡിഎംഡി പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ജീവഹാനി സംഭവിച്ചവരുടെ അവകാശികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ |

| | | | |
|---|---|---|---|
| | | | നിധിയിൽ നിന്നുള്ള 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള 1 ലക്ഷം രൂപയും ചേർത്ത് 5 ലക്ഷം രൂപ അനുവദിക്കുന്നു. വീടിന്റെ നാശനഷ്ടത്തോതത് 15% മുതൽ 100% വരെ 5 സ്ലാബുകളായി തിരിച്ച് 10,000 രൂപ മുതൽ 4 ലക്ഷം രൂപ വരെ അനുവദിക്കുന്നു. കൂടാതെ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയും വീടിന്റെ പൂർണ്ണമായ നാശത്തിന് 4 ലക്ഷം രൂപയും ചേർത്ത് 10 ലക്ഷം രൂപയും അനുവദിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ നേതൃത്വത്തിൽ നാശനഷ്ടങ്ങൾ വിലയിരുത്തി അർഹമായ ധനസഹായം ദുരന്ത ബാധിതർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയാകുന്ന മുറക്ക് അർഹരായ എല്ലാ കുടുംബങ്ങൾക്കും/ അവകാശികൾക്കും സമയബന്ധിതമായി ദുരിതാശ്വാസസഹായം വിതരണം ചെയ്യും. അടിയന്തിര ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് എല്ലാ ജില്ലകൾക്കും തുക അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പ്രളയമുൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങളിലെ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഒക്ടോബറിൽ ഉണ്ടായ കാലവർഷക്കെടുതിയിലും, ഉരുൾപൊട്ടലിലും സംഭവിച്ച നാശനഷ്ടങ്ങളുടെ വിവരശേഖരണം നടന്നുവരികയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ എത്ര തുക വേണ്ടി വരും എന്നത് കണക്കാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ